## റീഹാബിലിറ്റേഷൻ പ്ളാന്റേഷൻസ് ലിമിറ്റഡ്, പുനലൂർ
**ഫോൺ: 0475 222971, 222972, 222973**

## ലഘു ദർഘാസ് പരസ്യം
## റബർ കുഴിയെടുപ്പ്

കമ്പനിയുടെ ആയിരനല്ലൂർ (77 ഹെക്ടർ), കുളത്തൂപ്പുഴ (79 ഹെക്ടർ) എസ്റ്റേറ്റുകളിൽ 2010 വർഷത്തിൽ റബർ നടാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഹിറ്റാച്ചി ഉപയോഗിച്ച് കോണ്ടൂർ മാതൃകയിൽ 22'x 10' അകലത്തിൽ ടെറസ്സ് വെട്ടി കുഴിയെടുത്ത് (ഏകദേശം 78000 കുഴികൾ) മൂടി തരുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടറുകൾ 30.12.2009 പകൽ 11.30 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 12.00 ന് തുറക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് കമ്പനിയുടെ ഹെഡ് ഓഫീസുമായി ബന്ധപ്പെടുകയോ, **www.rplkerala.com** എന്ന വെബ്ബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

RPL/A/RP/2317/07 Dt. 07.12.2009 **മാനേജിംഗ് ഡയറക്ടർ**

## നിബന്ധനകൾ

1. കോണ്ടൂർ മാതൃകയിൽ 22'x 10' അകലത്തിൽ വേണം ടെറസ്സ് വെട്ടി കുഴിയെടുത്ത് മൂടേണ്ടത്.
2. കുഴികൾക്ക് 2 1/2 അടി വ്യാസവും 2 1/2 അടി താഴ്ചയും ഉണ്ടായിരിക്കേണ്ടതാണ്.
3. കുഴികൾ മൂടുമ്പോൾ കല്ല്, കട്ട, തടിക്കഷണങ്ങൾ തുടങ്ങിയവ നീക്കം ചെയ്ത് പരമാവധി മേൽമണ്ണ് ഉപയോഗിച്ച് വേണം മൂടാൻ.
4. ജോലി തീരുന്നമുറയ്ക്ക് യൂണിറ്റ് അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 80% വരെ പാർട്ട് ബിൽ നൽകാവുന്നതാണ്.
5. ടെറസ്സിന് 1.5 മീറ്റർ വീതിയും 25-30 സെന്റീമീറ്റർ മുൻപോട്ട് ചരിവും ഉണ്ടായിരിക്കണം.
6. ടെറസ്സുകൾ വെട്ടുമ്പോൾ കല്ലുകൾ വേരുകൾ എന്നിവ നീക്കം ചെയ്യേണ്ടതാണ്.
7. പ്രകൃതി മലീനീകരണം ഉണ്ടാകുന്ന രീതിയിലോ പ്രകൃതിയെ ചൂഷണം ചെയ്യുന്ന രീതിയിലോ ഉള്ള യാതൊരു പ്രവർത്തിയും കരാറുകാരനിൽ നിന്നോ അയാൾ നിയോഗിക്കപ്പട്ട ജോലിക്കാരനിൽ നിന്നോ കരാർ സ്ഥലത്ത് ഉണ്ടാകാൻ പാടില്ല.
8. കരാറ് പണി നടക്കുമ്പോൾ അതാത് യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ അപ്പപ്പോഴുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
9. നിയമാനുസൃത നികുതികൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.
10. ജോലി സംബന്ധമായ കാര്യങ്ങൾ യൂണിറ്റ് അഫീസിൽ നിന്നും അറിയാവുന്നതാണ്.
11. ടെണ്ടർ ഫാമിന്റെ വില 500/- + VAT (നിലവിലുള്ളത്) അയിരിക്കും.
12 ഇ.എം.ഡി :- ലേലത്തുകയുടെ **1%,** പുനലൂർ ബാങ്കിൽ മാറാവുന്ന DD ആയി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
13. ലേലതുകയുടെ **5%** മോ അല്ലെങ്കിൽ 25,000 രൂപയിൽ കവിയാതെയോ ആയിരിക്കും സെക്യൂരിറ്റി ഡിപ്പോസിറ്റ്.
14. ലേലം പിടിക്കുന്ന ആളിന്റെ ഇ.എം.ഡി സെക്യൂരിറ്റി ഡിപ്പോസിറ്റിൽ അഡ്ജസ്റ്റ് ചെയ്യുന്നതിന് പരിഗണിക്കുന്നതാണ്.
15. കരാറുകൾ 30.12.2009 പകൽ 11.30 മണി വരെ മാത്രം സ്വീകരിക്കുന്നതും അന്നേ ദിവസം 12.00 ന് സന്നിഹിതരായിരിക്കുന്ന tenderers ന്റെയോ / representatives ന്റെയോ സാനിധ്യത്തിൽ തുറക്കുന്നതുമാണ്.
16. ആദായനികുതി വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള PAN Card / വില്ലേജ് ഓഫീസറിൽ നിന്നും സ്ഥിര താമസ സർട്ടിഫിക്കറ്റ് / ഇല

ക്ഷൻ ഐഡന്റിറ്റി കാർഡ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ കോപ്പി ടെണ്ടറിനോടൊപ്പം വയ്ക്കേണ്ടതാണ്.

17. പോസ്റ്റ് ഓഫറുകൾ ടെണ്ടർ കഴിഞ്ഞ് അടുത്ത പ്രവർത്തി ദിവസം വൈകുന്നരം 5 മണി വരെ സ്വീകരിക്കുന്നതായിരിക്കും. പോസ്റ്റ് ഓഫറുകൾ, ലഭ്യ.മായ കുറഞ്ഞ ടെണ്ടർ നിരക്കിൽ നിന്നും 10% കുറവായിരിക്കേണ്ടതാണ്. ഇ.എം.ഡി തുക പോസ്റ്റ് ഓഫറിനോടൊപ്പം അടക്കേണ്ടതാണ്.
18. വർക്ക് ഓർഡർ ലഭിച്ചു കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ ജോലി തീർത്തുതരേണ്ടതാണ്.
19. ജോലി നിശ്ചിത സമയത്തിനുള്ളിൽ തീർത്തില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കമ്പനി ബദൽ സംവിധാനം ഏർപ്പെടുത്തുന്നതും ആയതിൽ ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് നിയമ നടപടികളോ റവന്യൂ റിക്കവറി നടപടികളോ സ്വീകരിക്കുവാൻ കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.
20. ടെണ്ടറുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനുള്ള ഏല്ലാ അധികാരങ്ങളും മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
21. ഏതെങ്കിലും കാരണവശാൽ ടെണ്ടർ ദിവസം അവധിയായാൽ അടുത്ത പ്രവർത്തി ദിവസം ടെണ്ടർ നടത്തുന്നതായിരിക്കും.
22. കരാറ് സംബന്ധമായ തർക്കങ്ങൾ ഉണ്ടായാൽ വ്യവഹാര പരിധി പുനലൂർ / കൊട്ടാരക്കര കോടതികളിൽ മാത്രമായിരിക്കും.
23. കരാർ ജോലി പൂർത്തിയാക്കിയ ശേഷം തോട്ടം മാനേജരിൽ നിന്നും ബാധ്യതകളില്ലെന്ന് സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കുമ്പോൾ സെക്യൂരിറ്റി ഡെപ്പോസിറ്റായി അടച്ച തുക തിരികെ നൽകുന്നതാണ്.
24. കൂടുതൽ വിവരങ്ങൾക്ക് കമ്പനിയുടെ ഹെഡ് ഓഫീസുമായി (കോ.ഓർഡിനേഷൻ ഡിപ്പാർട്ടുമെന്റ്) ബന്ധപ്പെടുകയോ, www.rplkerala.com എന്ന വെബ്ബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

പുനലൂർ

07.12.09

മാനേജിംഗ് ഡയറക്ടർ